**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയബാധിത പ്രദേശങ്ങളിലെ ഭാഗികമായോ പൂർണ്ണമായോ തകർന്നുപോയ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് ബി.പി.എൽ ഇതര വിഭാഗക്കാർക്ക് കൂടി, ഒരു യൂണിറ്റിന് 5000/-രൂപ നിരക്കിൽ പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ടിൽ നിന്നും തുക നല്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.156/ 2019/ തസ്വഭവ തിരുവനന്തപുരം, തീയതി 25.01.2019

---

പരാമർശം :- 1) 17.12.2018 ലെ സ.ഉ.(സാധാ)നം.3163/ 2018/ തസ്വഭവ നമ്പർ ഉത്തരവ്

2) 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പൊതു വിഷയങ്ങളിലെ തീരുമാനം നമ്പർ 3.16

**<u>ഉത്തരവ്</u>**

കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന "വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ച് ഭാരത് മിഷൻ" പദ്ധതിയിൻ കീഴിൽ 2017-2018 വർഷത്തേയ്ക്ക് 59.36 കോടി രൂപ പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ആയി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ ബിപി.എൽ. കുടുംബങ്ങളുടെ ഭാഗികമായോ പൂർണ്ണമായോ തകർന്നുപോയ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് ഉൾപ്പെടെ പുനർ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റിന് 5000/-രൂപ നിരക്കിൽ പെർഫോമൻസ് ഇൻസെന്റീവ് ഗ്രാന്റ് ഫണ്ടിൽ നിന്നും ശേഷിക്കുന്ന തുക ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പ്ലാനിൽ ശുചിത്വ മാലിന്യ പരിപാലനത്തിന് മാറ്റി വച്ചിരിക്കുന്ന തുകയിൽനിന്നും ചെലവഴിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കം കാരണം ഉപയോഗ ശൂന്യമായ 83506 ശൗചാലയങ്ങൾ ഉണ്ടെന്നും ഇവ സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ(ഗ്രാമീൺ) ഫണ്ടിൽ നിന്നും 5000/- രൂപ അനുവദിക്കുന്നുണ്ടെന്നും ബാക്കി തുക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമ പഞ്ചായത്തിന് വകയിരുത്താവുന്നതാണെന്നും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം(2) പ്രകാരം തീരുമാനിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട **എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും** ആനുകൂല്യം നൽകിയ ശേഷം, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് **ബി.പി.എൽ. ഇതര വിഭാഗക്കാർക്ക്** കൂടി ടി ആനുകൂല്യം നല്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സിന്ധു. എൽ**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ